# പതിമൂന്നാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.783 07.02.2013 ൽ മറുപടിക്ക്

## മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്

| ചോദ്യം<br><br>ശ്രീ. കെ.രാജു: | | മറുപടി<br><br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അടിയന്തിരഘട്ടങ്ങളിൽ സംസ്ഥാനത്തിനകത്തുള്ള സ്വകാര്യ ആശുപത്രികളിൽ ചികിൽസ തേടുന്ന സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | കെ.ജി.എസ്.എം.എ. റൂൾ, 1960 പ്രകാരം താമസസ്ഥലത്തിന് 5 മൈൽ ചുറ്റളവിൽ സർക്കാർ ആശുപത്രി ഇല്ലാതെ വരുമ്പോൾ ഒരു സർക്കാർ ജീവനക്കാരന് അടിയന്തിര ഘട്ടങ്ങളിൽ അംഗീകൃത സ്വകാര്യ ആശുപത്രികളിൽ, അംഗീകൃത മെഡിക്കൽ ഓഫീസറുടെ ശുപാർശയോടുകൂടി ചികിത്സ തേടാവുന്നതാണ്. ഇപ്രകാരം തേടിയ ചികിത്സാ ചെലവ് റീ ഇമ്പേഴ്സ് ചെയ്യുന്നതിനായി ബന്ധപ്പെട്ട രേഖകളുടെ അസ്സൽ സഹിതം അപേക്ഷ വകുപ്പ് മേധാവിയുടെ ശുപാർശയോടുകൂടി ഭരണ വകുപ്പിന് സമർപ്പിക്കേണ്ടതും ഭരണ വകുപ്പ് ആരോഗ്യ വകുപ്പ് ഡയറക്ടർ / ജില്ലാ മെഡിക്കൽ ഓഫീസർ - ടെ പരിശോധനയ്ക്ക് വിധേയമായി, ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ തുക അനുവദിക്കുന്നതുമാണ്. അംഗീകൃത മെഡിക്കൽ ഓഫീസർ റഫർ ചെയ്യാത്ത അംഗീകൃത സ്വകാര്യ ഹോസ്പിറ്റലുകളിലെ |
| (ബി) | ആയതിന്റെ സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ചികിത്സാ ചെലവും അംഗീകാരമില്ലാത്ത സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവും അനുവദിക്കുന്നതിന്മേൽ തീരുമാനം എടുക്കുന്നത് സെക്രട്ടേറിയറ്റിലെ ആരോഗ്യ കുടുംബക്ഷേമ വകുപ്പാണ്. |
| (സി) | എയിഡഡ് മേഖലയിൽ ജോലി ചെയ്യുന്ന അധ്യാപക-അനധ്യാപക ജീവനക്കാർക്ക് ഗുരുതര രോഗങ്ങൾക്ക് ചികിൽസാചെലവ് അഡ്വാൻസ് ആയി നൽകുന്നതിന് നിലവിൽ നിയമ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ഇത് പ്രാബല്യത്തിൽ കൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) യും (ഡി) യും | എയിഡഡ് മേഖലയിൽ ജോലിചെയ്യുന്ന അധ്യാപക-അനധ്യാപക ജീവനക്കാർക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റും പലിശ രഹിത വായ്പയും അനുവദിക്കുന്നുണ്ട്. |
| (ഡി) | പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇത്തരം സഹായങ്ങൾ മുൻകാലങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ